# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 811 — 04.03.2020-ൽ മറുപടിയ്ക്ക്.

## ക്ഷീര കർഷകരുടെ പ്രശ്നങ്ങൾ

| ചോദ്യം<br>ശ്രീ.കെ.ജെ. മാക്സി | മറുപടി<br>ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
|---|---|
| (എ) നിലവിൽ സംസ്ഥാനത്ത് പാൽക്ഷാമമുണ്ടോ; എങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് നിലവിൽ പാൽക്ഷാമമില്ല. കടുത്ത വേനൽ അനുഭവപ്പെട്ടതോടെ പാലുല്പാദനത്തിൽ നേരിയ കുറവ് ഉണ്ടായിട്ടുണ്ട്. |
| (ബി) സംസ്ഥാനത്ത് മുൻകാലങ്ങളിൽ പാൽക്ഷാമമുണ്ടായത് ഏതെല്ലാം വർഷങ്ങളിലാണ് എന്നും അതിന് ആധാരമായ വിഷയങ്ങൾ എന്തെല്ലാമെന്നും ക്ഷീരവകുപ്പ് പരിശോധിച്ചുവോ; എങ്കിൽ അവ എന്തെല്ലാമാണ് എന്നറിയിക്കാമോ; ആയതിൽ ഏതെല്ലാം വിഷയങ്ങളാണ് സംസ്ഥാനത്ത് നിലവിലെ പാൽ ക്ഷാമത്തിന് കാരണമായത് എന്ന് വ്യക്തമാക്കുമോ; | (ബി) സംസ്ഥാനത്ത് മുൻകാലങ്ങളിൽ വളരെ രൂക്ഷമായ പാൽക്ഷാമമുണ്ടായിട്ടില്ല. എന്നാൽ കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി പ്രത്യേകിച്ച് മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ വെള്ളത്തിന്റേയും, പച്ചപ്പുല്ലിന്റേയും കുറവ് കാരണം പാൽ സംഭരണത്തിൽ കുറവ് സംഭവിക്കാറുണ്ട്. എന്നാൽ ഇത് സംസ്ഥാനത്ത് പാൽ വിതരണത്തിന് പ്രതിസന്ധി സൃഷ്ടിച്ചിട്ടില്ല. |
| (സി) കാലിത്തീറ്റ, പിണ്ണാക്ക്, തവിട്, പുല്ലുകൾ, വൈക്കോൽ തുടങ്ങിയവയുടെ ലഭ്യതക്കുറവും വിലക്കയറ്റവും ക്ഷീരകർഷകരെ ബാധിക്കുന്ന പ്രധാന വിഷയമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (സി) കാലിത്തീറ്റ, പിണ്ണാക്ക്, തവിട്, പുല്ലുകൾ, വൈക്കോൽ എന്നിവയുടെ ലഭ്യതക്കുറവ് ക്ഷീരകർഷകരെ ബാധിക്കുന്ന പ്രധാന വിഷയമാണ്. കാലിത്തീറ്റയുടെ അളവ് കുറച്ച് പച്ചപ്പുല്ലിന്റെയും മറ്റ് പ്രാദേശികമായി ലഭിക്കുന്ന തീറ്റവിളകളുടെയും ലഭ്യത ഉറപ്പ് വരുത്തുന്നതിനായി തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. വൈക്കോൽ, പിണ്ണാക്ക്, തുടങ്ങിയവ ക്ഷീരസംഘങ്ങൾ വഴി കർഷകർക്ക് ആവശ്യാനുസരണം ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) സംസ്ഥാനത്താകമാനമുള്ള ക്ഷീരകർഷകരുടെ എണ്ണം എത്ര; ഇവരെ സഹായിക്കുവാനും ക്ഷീരകർഷക മേഖലയുടെ വികസനത്തിനും കൂടുതൽ കർഷകരെ പ്രസ്തുത മേഖലകളിലെത്തിക്കാനും അതുവഴി സംസ്ഥാനത്തെ പാൽക്ഷാമം പരിഹരിക്കുവാനുമായി | (ഡി) സംസ്ഥാനത്തെ ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന ഏകദേശം 4 ലക്ഷം കർഷകരാണുള്ളത്. ക്ഷീരസംഘങ്ങൾ വഴി അല്ലാതെ നേരിട്ട് വിപണനം നടത്തുന്നവർ ഉൾപ്പെടെ ആകെ ഏകദേശം 8 ലക്ഷം ക്ഷീരകർഷകരാണ് ഉള്ളതെന്ന് കണക്കാക്കപ്പെടുന്നത്. |

എന്തെല്ലാം തുടർനടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ക്ഷീരകർഷകരെ സഹായിക്കുന്നതിനും കൂടുതൽ പേരെ ഈ മേഖലയിലേക്ക് കൊണ്ടു വന്ന് പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കൂടുതൽ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**